\1T

**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2239**

**18.07.11 ൽ നല്കിയ താൽക്കാലിക മറുപടിയിന്മേലുള്ള പൂർണ്ണമറുപടി**

## കാർഷിക കടാശ്വാസ കമ്മീഷൻ സഹായധനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനം നിയോഗിച്ച കാർഷിക കടാശ്വാസ കമ്മീഷൻ സഹായധനമായി കർഷകർക്ക് ഇതേവരെ എന്തു തുക ശുപാർശ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) 31.03.2011 വരെ 89,69,19,257/- രൂപ കടാശ്വാസമായി കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) അനുവദിച്ച തുക നല്കുന്നതിനാവശ്യമായ ഫണ്ട് മുൻ സർക്കാരിന്റെ കാലത്ത് നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു തുകയാണ് നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) മുൻ സർക്കാരിന്റെ കാലത്ത് 62,45,52,375/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) കാർഷിക കടാശ്വാസ കമ്മീഷൻ സഹായമനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച കേസുകളിൽ ബാങ്കിൽ പണമടയ്ക്കാത്തതിനാൽ കർഷകർ ജപ്തി നടപടികൾ നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ കടാശ്വാസ കമ്മീഷൻ അനുവദിച്ച തുക ബാങ്കുകൾക്ക് നല്കി ജപ്തിനടപടികളിൽ നിന്നും കർഷകരെ രക്ഷിക്കാൻ വേണ്ടതു ചെയ്യുമോ? | (സി) & (ഡി) കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്യുന്ന കടാശ്വാസത്തുക ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിന് ബജറ്റ് വിഹിതത്തിന്റെ ലഭ്യത യനുസരിച്ചാണ് സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിക്കുന്നത്. എന്നാൽ ധനകാര്യസ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട തുക സർക്കാരിൽ നിന്ന് സമയബന്ധിതമായി ലഭിക്കാത്തത് മൂലം ധനകാര്യ സ്ഥാപനങ്ങൾ കർഷകരുടെ ആധാരങ്ങൾ തിരികെ നല്കാത്തതും നിയമനടപടികൾ തുടരുന്നതും ശ്രദ്ധയിൽപെട്ടതിനെത്തുടർന്ന് കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവിൽ സർക്കാർ ഏറ്റെടുക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ള തുക സർക്കാരിൽ നിന്ന് ലഭിക്കുന്നതിനാൽ, കർഷകരുടെ വിഹിതം അടച്ച് കഴിഞ്ഞാൽ, സർക്കാരിൽ നിന്ന് ലഭിക്കാനുള്ളതായി |

കണക്കിൽ രേഖപ്പെടുത്തി ഈട് പ്രമാണം തിരികെ നല്കുന്നതിനും സർക്കാരിൽ നിന്ന് തുക ലഭിക്കുന്ന മുറയ്ക്ക് ടിയാന്റെ കണക്കിൽ വരവ് വയ്ക്കുന്നതിനും സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ കർഷക വിഹിതം അടയ്ക്കുന്നതിന് കമ്മീഷന്റെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള നിശ്ചിത തീയതിയ്ക്കകം കർഷകർക്കെതിരെ യാതൊരു തരത്തിലുള്ള റിക്കവറി നടപടികളും സംഘങ്ങൾ/ബാങ്കുകൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സ്വീകരിക്കാൻ പാടില്ലെന്നും നിർദ്ദേശം നല്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**